ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:15.06.2026

## പ്രധാനവാർത്തകൾ

RNU TVPM

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സ്ലോവാക് പ്രസിഡന്റുമായും പ്രധാനമന്ത്രിയുമായും ചർച്ച നടത്തും.
2. കെ.എസ്.ആർ.ടി.സി ബസുകളിലെ സ്ത്രീകളുടെ സൗജന്യ യാത്രയായ പ്രിയദർശിനി - പദ്ധതിക്ക് തുടക്കമായി. പദ്ധതി സ്ത്രീകൾക്ക് സാമൂഹികവും സാമ്പത്തികവുമായ മുന്നേറ്റമുണ്ടാക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.
3. 2027 സെൻസസിന്റെ ഭാഗമായുള്ള സെൽഫ് എന്യൂമറേഷൻ സംസ്ഥാനത്ത് നാളെ മുതൽ ആരംഭിക്കും.
4. സംസ്ഥാനത്ത് ഷിഗെല്ല ബാധിച്ച് ഒരു മരണം കൂടി. മരിച്ചത് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരുന്ന ഏഴ് വയസുകാരൻ.
5. സംസ്ഥാനത്തെ പ്ലസ്സ് വൺ പ്രവേശനത്തിനുള്ള ആദ്യ അലോട്ട്മെന്റ് പട്ടിക പ്രസിദ്ധീകരിച്ചു. പ്രവേശന നടപടികൾ ഈ മാസം 17 വരെ.
6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ സ്പെയ്നിൻറെ ആദ്യ മത്സരം ഇന്ന് കേപ് വെർദെക്കെതിരെ.

## പ്രധാനമന്ത്രി-സ്ലോവോക്യ

വിദേശ പര്യടനത്തിൻറെ രണ്ടാം പാദത്തിൽ സ്ലോവാക്യയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സ്ലോവാക് പ്രസിഡന്റുമായും പ്രധാനമന്ത്രിയുമായും ചർച്ചകൾ നടത്തും. പ്രധാനമന്ത്രിക്ക് ഇന്ന് തലസ്ഥാനമായ ബ്രാട്ടിസ്ലാവയിൽ ഔദ്യോഗിക സ്വീകരണം നൽകും. ഉഭയ കക്ഷി ബന്ധങ്ങൾ കൂടുതൽ ശക്തമാക്കാൻ ഈ സന്ദർശനം വഴിയൊരുക്കുമെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

RNUTVPM

## പ്രധാനമന്ത്രി-ജി-7

52-ാമത് ജി7 ഉച്ചകോടി ഇന്ന് ഫ്രാൻസിലെ ഇവിയനിൽ തുടക്കം. മൂന്ന് ദിവസമായി നടക്കുന്ന ഉച്ചകോടിയിൽ കാനഡ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, ജപ്പാൻ, യുകെ, യുഎസ്, യൂറോപ്യൻ യൂണിയൻ എന്നീ അംഗ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും. ഇതിനു പുറമെ ഇന്ത്യ, ബ്രസീൽ, ഈജിപ്റ്റ്, കെനിയ, ദക്ഷിണ കൊറിയ, ഖത്തർ, സൗദി അറേബ്യ, സിറിയ, ഉക്രെയ്ൻ, യുഎഇ എന്നി രാജ്യങ്ങളെ 'ഔട്ട്‌റീച്ച് പങ്കാളി രാജ്യങ്ങളായി' ഫ്രാൻസ് ക്ഷണിച്ചിട്ടുണ്ട്. 'പങ്കാളി രാജ്യം'

എന്ന നിലയിൽ 13-ാാം തവണയാണ് ഇന്ത്യ ജി7 ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഔട്ട്റീച്ച് സെഷനുകളിൽ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**പ്രിയദർശിനി (ഇൻട്രോ)**

ഇന്ദിര ഗ്യാരണ്ടിയുടെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രിയദർശിനി പദ്ധതി സ്ത്രീകൾക്ക് സാമൂഹികവും സാമ്പത്തികവുമായ മുന്നേറ്റമുണ്ടാക്കുമെന്നു മുഖ്യമന്ത്രി വി ഡി സതീശൻ . ഇത് സർക്കാർ സ്ത്രീകൾക്ക് നൽകുന്ന ഔദാര്യം അല്ല. സമൂഹത്തിന്റെ നാനാ തുറകളിലുള്ള സ്ത്രീകൾക്ക് പദ്ധതി സഹായകരമാകും. കെ.എസ്.ആർ.ടി.സി ബസുകളിലെ സ്ത്രീകളുടെ സൗജന്യ യാത്രയായ പ്രിയദർശിനി - പദ്ധതിയുടെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

RNUTVPM

***(ഹോൾഡ് വോയിസ്)***

നാടിന്റെയും പൊതുഗതാഗത സമ്പ്രദായത്തിന്റെയും ചരിത്രത്തിലെ വലിയ നാഴികക്കല്ലാണ് പ്രിയദർശിനി പദ്ധതിയെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## ഷിഗെല്ല

സംസ്ഥാനത്ത് ഷിഗെല്ല ബാധിച്ച് ഒരു മരണം കൂടി. കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരുന്ന മലപ്പുറം സ്വദേശിയായ ഏഴ് വയസുകാരനാണ് മരിച്ചത്. ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ കർശനമാക്കിയിട്ടുണ്ട് . ഇതോടെ സംസ്ഥാനത്ത് ഷിഗെല്ല ബാധിച്ച് മരിച്ചവരുടെ എണ്ണം നാലായി. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 'സ്റ്റോപ്പ് ഡയറിയ കാമ്പയിൻ ' നടത്തുന്നുണ്ട്. സ്കൂളുകളിലെ കിണറുകളിൽ പരിശോധന നടത്തുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പിൻറെ നേതൃത്വത്തിൽ ഹോട്ടലുകളിൽ പ്രത്യേക പരിശോധനയും ശക്തമാക്കി.

RNU TVPM

## നിപ

സംസ്ഥാനത്ത് നിപ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്രസംഘത്തിൻറെ സന്ദർശനം പുരോഗമിക്കുന്നു. നിപ സ്ഥിരീകരിച്ച രാമനാട്ടുകര സ്വദേശി കോഴിക്കോട് മെഡിക്കൽ കോളേജിൽ വെൻ്റിലേറ്ററിൽ തുടരുകയാണ്. ആരോഗ്യ പ്രവർത്തകർ മുൻകരുതൽ നടപടികൾ ശക്തമാക്കിയിട്ടുണ്ട്. പുതിയ നിപ കേസുകൾ

റിപ്പോർട്ട് ചെയ്തിട്ടില്ല. രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ച 11 പേരുടെ പരിശോധനാഫലം നെഗറ്റീവായിട്ടുണ്ട്.

**സെൻസസ് (ഇൻട്രോ )**

2027 സെൻസസിന്റെ ഭാഗമായ സംസ്ഥാനത്ത് സെൽഫ് എന്യൂമറേഷൻ സൗകര്യം നാളെ മുതൽ ഈ മാസം 30 വരെ ലഭ്യമാകുമെന്ന് സെൻസസ് സംസ്ഥാന നോഡൽ ഓഫീസർ കെ ബിജു. രണ്ട് ഘട്ടമായാണ് സെൻസസ് നടത്തുന്നത്. ഒന്നാം ഘട്ടമായ വീടുകളുടെ പട്ടിക തയാറാക്കൽ ജൂലൈ 1 മുതൽ 30 വരെയാണ്. രണ്ടാംഘട്ടമായ ജനസംഖ്യാ കണക്കെടുപ്പ് 2027 ഫെബ്രുവരിയോടെയാകും നടക്കുകയെന്ന് അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

**(ഹോൾഡ് വോയിസ് കെ ബിജു )**

se. census. gov.in എന്ന പോർട്ടലിൽ കയറി വ്യക്തികൾക്ക് വിവരങ്ങൾ നൽകാം. നൽകിയ വിവരങ്ങൾ ഫീൽഡ് എന്യുമറേറ്റർമാർ പരിശോധിച്ച് ഉറപ്പ് വരുത്തും. സെൻസസ് വിവര ശേഖരണത്തിന് 61,282 എന്യുമറേറ്റർമാർ 10,189 സൂപ്പർവൈസർമാർ എന്നിവരെ സജ്ജരാക്കി.

RNU TVPM

## സെൻസസ് -തിരുവനന്തപുരം(ഇൻട്രോ)

സെൻസസിൻറെ ഭാഗമായുള്ള ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് തിരുവനന്തപുരം ജില്ല സജ്ജമായി. ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ ജനസംഖ്യാ കണക്കെടുപ്പിനുള്ള വിവരശേഖരണത്തിനായി വിപുലമായ ഉദ്യോഗസ്ഥ ക്രമീകരണങ്ങളാണ് ജില്ലയിൽ ഒരുക്കിയിരിക്കുന്നത്.

***വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്***

***(വോയിസ്)***

RJU TVPM

## പ്ലസ്സ് വൺ- അലോട്ട്മെന്റ്

പ്ലസ്സ് വൺ പ്രവേശനത്തിന്റെ ആദ്യ അലോട്ട്മെന്റ് പട്ടിക പ്രകാരമുള്ള പ്രവേശന നടപടികൾ ഇന്ന് മുതൽ ഈ മാസം 17 ന് വൈകിട്ട് 5 മണി വരെ നടക്കും. അലോട്ട്മെന്റ് വിവരങ്ങൾ ഹയർസെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റായ hscap.kerala.gov.in ൽ ലഭ്യമാണ്. ഹയർസെക്കണ്ടറി - വൊക്കേഷണൽ വിഭാഗം എൻ.എസ്.ക്യൂ.എഫ് അധിഷ്ഠിത കോഴ്സുകളിലേക്കുള്ള ഒന്നാം വർഷ ഏകജാലക പ്രവേശനത്തിന്റെ ഒന്നാം

അലോട്ട്മെന്റും

ഇന്ന് admission.vhseportal.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ജൂൺ 17 ന് വൈകുന്നേരം 4 മണി വരെ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള സ്കൂളുകളിൽ പ്രവേശനം നേടാം.

❁❁❁❁❁❁❁❁❁❁❁❁❁

**നീറ്റ് യുജി-അഡ്മിറ്റ് കാർഡ്**

NEET UG പുനഃപരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡുകൾ നാഷണൽ ടെസ്റ്റിംഗ് ഏജൻസി പുറത്തിറക്കി. NTA യുടെ ഔദ്യോഗിക വെബ്സൈറ്റായ neet.nta.nic.in ൽ നിന്ന് അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്യാം. ഈ മാസം 21 ന് ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 5:15 വരെയാണ് പരീക്ഷ . അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യുന്നതിന് മുമ്പ് റീഫണ്ടിനായി ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ പരിശോധിക്കണമെന്ന് NTA നിർദ്ദേശിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ഇടുക്കി (ഇൻട്രോ)**

1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഇടുക്കി ചിന്നക്കനാൽ മുത്തമ്മ ഉന്നതിയിലെ ഇരുന്നൂറ്റിമുപ്പത്തിയാറ് കുടുംബങ്ങൾക്ക് സർക്കാർ ഉപാധിരഹിത പട്ടയം കൈമാറി. ജനങ്ങൾ കാൽ

നൂറ്റാണ്ടുകാലമായി ഉന്നയിക്കുന്ന ആവശ്യത്തിനാണ് ഇപ്പോൾ പരിഹാരമായിരിക്കുന്നത്.

***വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...........***

***(വോയിസ്)***

**നിയമസഭാ സാമാജികർ - പരിശീലനം**

നിയമസഭാ സാമാജികർക്കായി നടത്തുന്ന രണ്ട് ദിവസത്തെ പരിശീലന പരിപാടിയുടെ ഉദ്ഘാടനം ബുധനാഴ്ച മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും.കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡീസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

PNUTVPM

**മഴ-കേരളം**

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

## പൊന്മുടി

പ്രതികൂല കാലാവസ്ഥയിൽ, മണ്ണിടിച്ചിൽ ഭീഷണിയെ തുടർന്ന് നിർത്തിവച്ചിരുന്ന പൊന്മുടി എക്കോ ടൂറിസം പ്രവേശനം പുനരാരംഭിച്ചു .കാലാവസ്ഥ മെച്ചപ്പെട്ടതിനാൽ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നിർദ്ദേശ പ്രകാരമാണ് ഈ തീരുമാനം.

## ഫിഫ

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാവിലെ നടന്ന കളിയിൽ ട്യുണീഷ്യയെ ഒന്നിനെതിരെ 5 ഗോളിന് സ്വീഡൻ പരാജയപ്പെടുത്തി. രാത്രി 9.30ന് മുൻ ചാമ്പ്യന്മാരായ സ്പെയിൻ തങ്ങളുടെ ആദ്യ മത്സരത്തിനിറങ്ങും. ലോകകപ്പിൽ ആദ്യമായി കളിക്കാനെത്തുന്ന കേപ് വെർദെയാണ് എതിരാളി.

## പത്മ പുരസ്കാരങ്ങൾ

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ

RNUTVPM

മാസം 23 ന് നടക്കുന്ന ചടങ്ങിൽ നടൻ മമ്മൂട്ടി പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല

മിഥുനമാസ പൂജയ്ക്കായി ശബരിമല ക്ഷേത്ര നട തുറന്നു. മിഥുനം ഒന്നായ ഇന്ന് പതിവ് പൂജകളും വിശേഷാൽ പൂജകളും ആരംഭിച്ചു. ഈ മാസം 19 ന് നട അടയ്ക്കും.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.സെൻസെക്സ് 1,118 പോയിന്റ് ഉയർന്നു 76,664ലും ,നിഫ്റ്റി 337 പോയിന്റ് നേട്ടത്തിൽ 23,958 ലും വ്യാപാരം തുടരുന്നു. സ്വർണ വില ഉയർന്നു .പവന് 1,800 രൂപ കൂടി ഒരു ലക്ഷത്തി 11,120 രൂപയും, ഗ്രാമിന് 13,890 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁

## ആദരാഞ്ജലി

മുൻ റവന്യൂ വകുപ്പ് മന്ത്രി കെ രാജന്റെ പേ ഴ്സണ്ൽ സ്റ്റാഫ് അംഗമായിരുന്ന സുമൻ

അന്തരിച്ചു.തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം.

RNU TVPM